കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

6 (*756) ശ്രീ. വി. ശശി :

ശ്രീ. സി. ദിവാകരൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായം തകർച്ച നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൈത്തറി വസ്ത്രങ്ങൾക്ക് ടേണോവർ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ടാക്സ് നൽകേണ്ട വിറ്റുവരവ് പരിധി എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരള വാല്യു ആഡഡ് ടാക്സ് ആക്ട് ആന്റ് റൂളിലെ സെക്ഷൻ 6(4) പ്രകാരം ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്ക് നികുതി പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ ; കൈത്തറി ഉല്പന്നങ്ങൾ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെട്ടവയാണോ ;

(ഡി) മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് കൈത്തറി വസ്ത്രങ്ങൾക്ക് വില്പന നികുതി ഈടാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തും കൈത്തറി-ഖാദി മേഖലകളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായം തകർച്ച നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നെയ്ത്തുകാരുടെ അഭാവമുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ മേഖല സംരക്ഷിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ വർഷത്തെ വിൽപ്പന ഒരു കോടിയിലധികമാണെങ്കിൽ രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് കൈത്തറി വസ്ത്രങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നികുതി ഉപഭോക്താക്കളിൽ നിന്നും പിരിക്കാതെ വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നുമാണ് അടയ്ക്കേണ്ടത്.

(സി) കേരള മൂല്യ വർദ്ധിത നിയമത്തിന്റെ 6-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. കൈത്തറി തുണി, കൈത്തറി ബെഡ് ഷീറ്റ്,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി തലയിണ ഉറ തുടങ്ങിയ ഇനങ്ങൾ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെട്ടവയാണ്. എന്നാൽ കൈത്തറി കൊണ്ടുള്ള റെഡിമെയ്ഡ് ഇനങ്ങൾ, പരവതാനികൾ തുടങ്ങിയവയ്ക്ക് അഞ്ച് ശതമാനമാണ് നികുതി നിരക്ക്.

(ഡി) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലൊന്നും നികുതി ഈടാക്കുന്നില്ല. ഇവയുടെ നികുതി ഒഴിവാക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

കശുവണ്ടിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത

7.(T *757) ശ്രീ. പി. റ്റി. എ. റഹീം :

ശ്രീ. എം. എ. ബേബി :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികൾക്ക് പ്രതിവർഷം ആവശ്യമായ കശുവണ്ടി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ആവശ്യത്തിന്റെ എത്ര ശതമാനം സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നുണ്ട് ;

(സി) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു ;

(ഡി) കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽനിന്ന് ഒഴിവാക്കിക്കൊടുത്തതുവഴി കശുവണ്ടി ഉത്പാദനത്തിൽ മുന്നേറ്റം ഉണ്ടാക്കുവാൻ സാദ്ധ്യമായിട്ടുണ്ടോ ; ഇക്കാര്യം വിലയിരുത്തുകയുണ്ടായോ ; വിശദമാക്കാമോ ;

(ഇ) കശുവണ്ടിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തെ തോട്ടണ്ടിയുടെ ആവശ്യകത പ്രതിവർഷം ഏകദേശം 8 ലക്ഷം മെട്രിക് ടൺ വരെയാണ്.

(ബി) സംസ്ഥാനത്ത് ആവശ്യമായ തോട്ടണ്ടിയിൽ ഏകദേശം 83,100 മെട്രിക് ടൺ (11.28%) മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly